e-mail: gssbsukc@yahoo.co.in

Phone: 0471-2351910
0471-2351911
0471-2392810
Fax: 0471-2351963

# സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)

(അഫിലിയേറ്റഡ് ടു ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ)

കത്തുകൾ അയക്കേണ്ട വിലാസം
ജനറൽ സെക്രട്ടറി

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
പൂജപ്പുര, തിരുവനന്തപുരം – 695 012

സർക്കുലർ നമ്പർ 100/21

തീയതി: 15.04.2021

## എട്ടാമത് ജനറൽ കൗൺസിൽ
## ഏപ്രിൽ 18, 19 – തിരുവനന്തപുരം

സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയന്റെ (കേരള സർക്കിൾ) എട്ടാമത് ത്രൈവാർഷിക ജനറൽ കൗൺസിൽ ഏപ്രിൽ 18, 19 തീയതികളിൽ തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ വച്ച് നടത്താൻ തീരുമാനിച്ചിരുന്ന വിവരം ഏവർക്കും അറിയാമല്ലോ. സമ്മേളനത്തിനോട് അനുബന്ധിച്ച് വിവിധ മേഖലകളിലായി നിരവധി പരിപാടികൾ നാം നടത്തുകയുണ്ടായി. അനുബന്ധ പരിപാടികളിൽ എല്ലാം നമ്മുടെ അംഗങ്ങൾ വളരെ ആവേശത്തോടു കൂടി പങ്കു ചേർന്നിരുന്നു. സമ്മേളന നടത്തിപ്പിനായി വിപുലമായ സന്നാഹങ്ങളും ഒരുക്കിയിരുന്നു. മൂന്നു വർഷത്തിൽ ഒരിക്കൽ നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി നമ്മുടെ വിവിധ യൂണിറ്റുകളിൽ സഖാക്കൾ ആവേശോജ്വലരായി തയ്യാറെടുപ്പുകൾ നടത്തി വരികയാണ്.

എന്നാൽ കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ നമ്മുടെ സംസ്ഥാനത്തൊട്ടാകെ വലിയ തോതിൽ കോവിഡ് രോഗികളുടെ എണ്ണം വർധിക്കുകയാണ്. വ്യാപനത്തിന്റെ തോത് ഉയരുന്നതിനാൽ സംസ്ഥാന സർക്കാർ നിരവധി നിയന്ത്രണങ്ങൾ പൊതു സമൂഹത്തിൽ കൊണ്ട് വരുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പൊതു പരിപാടികൾ നടത്തുന്നതിനും നിയന്ത്രണങ്ങൾ ഉള്ളതായി ആണ് നാം മനസ്സിലാക്കുന്നത്.

പൊതു സമൂഹത്തിനോട് പ്രതിബദ്ധത ഉള്ള സംഘടന എന്ന നിലയിൽ സർക്കാർ നിർദ്ദേശങ്ങളോട് ചേർന്ന് നിന്നു കൊണ്ട് സമ്മേളനം നടത്താൻ നാം പ്രതിജ്ഞാബദ്ധരാണ്.

ആയതിനാൽ സമ്മേളനത്തിന്റെ നടത്തിപ്പിലെ മാറ്റങ്ങൾ ചർച്ച ചെയ്യുന്നതിനും തീരുമാനിക്കുന്നതിനുമായി സംഘാടകസമിതി യോഗം 13.04.2021–നു ചേർന്നിരുന്നു. യോഗത്തിൽ പ്രെസിഡൻറ്, ജനറൽ സെക്രട്ടറി, ജനറൽ കൺവീനർ, തിരുവനന്തപുരം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന വിവിധ സബ്കമ്മിറ്റി കൺവീനർമാർ എന്നിവർ സംബന്ധിച്ചിരുന്നു. സർക്കാർ നിർദ്ദേശിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് സമ്മേളനം നടത്തണം എന്നാണ് യോഗത്തിൽ മുഴുവൻ അംഗങ്ങളും അഭിപ്രായപ്പെട്ടത് . സമ്മേളന നടത്തിപ്പുമായി ബന്ധപ്പെട്ട് യോഗത്തിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. പരമാവധി 200 പേർ മാത്രം നേരിട്ട് സംബന്ധിക്കുന്ന തരത്തിൽ ആകും ജനറൽ കൗൺസിൽ നടക്കുക.

2. മറ്റുള്ളവർക്ക് ONLINE ആയി ZOOM മീറ്റിലൂടെ സമ്മേളനത്തിൽ പങ്കെടുക്കാം.

3. ഉദ്ഘാടന സമ്മേളനം ഏപ്രിൽ 18-നു രാവിലെ 10 മണി മുതൽ 12 മണി വരെയായി നടക്കും. അത് നമ്മുടെ FACE BOOK LIVE ലൂടെയും സംപ്രേഷണം ചെയ്യും.

4. പ്രതിനിധി സമ്മേളനവും ഏപ്രിൽ 18-ന് ഉച്ചയ്ക്ക് ശേഷം ഒരു ദിവസം കൊണ്ട് തന്നെ പൂർത്തീകരിക്കും.

5.ഒരു സോണിൽ നിന്നും പരമാവധി രണ്ടു പ്രതിനിധികൾക്ക് നേരിട്ട് പങ്കെടു ക്കാവുന്ന രീതിയിലാണ് ക്രമീകരണം.

6.പ്രതിനിധി സമ്മേളനത്തിൽ സോൺ തലത്തിൽ നിന്ന് ഒരു പ്രതിനിധിയെ ആകണം റിപ്പോർട്ടിന്മേൽ ചർച്ച നടത്താൻ നിയോഗിക്കേണ്ടത്.

7.കൂട്ടായ ചർച്ചയുടെ ഭാഗമായി എഴുതി തയ്യാറാക്കിയ റിപ്പോർട്ട് അനുവദിച്ചിട്ടുള്ള 3 മിനുട്ട് സമയം എടുത്തു അവതരിപ്പിക്കുകയാണ് വേണ്ടത്.

അസാധാരണമായ സാഹചര്യം കണക്കിലെടുത്തും, നമ്മുടെ അംഗങ്ങളുടെ സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകിയുമാണ് മേൽപ്പറഞ്ഞ തീരുമാനങ്ങൾ കൈക്കൊണ്ടത്. മേല്പറഞ്ഞ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് തന്നെ, സമ്മേളനം വിജയിപ്പിക്കാൻ തയ്യാറെടുക്കണം എന്ന് എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ



എ. രാഘവൻ
(ജനറൽ സെക്രട്ടറി)

| | |
|---|---|
| STATE BANKS' STAFF UNION (KERALA CIRCLE) ....................................................... | ZINDABAD |
| ALL INDIA STATE BANK OF INDIA STAFF FEDERATION.............................................. | ZINDABAD |
| NATIONAL CONFEDERATION OF BANK EMPLOYEES.................................................. | ZINDABAD |
| UNITED FORUM OF BANK UNIONS.......................................................................... | ZINDABAD |
| 8th GENERAL COUNCIL........................................................................................ | ZINDABAD |
| INQUILAB................................................................................................................ | ZINDABAD |